**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 117** **19-06-2024 - ൽ മറുപടിയ്ക്ക്**

**റോഡുകൾ ഗതാഗതയോഗ്യമാക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ വി ശശി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മൺസൂൺ ആരംഭിക്കുന്നതിന് മുമ്പായി സംസ്ഥാനത്തെ എല്ലാ റോഡുകളും ഗതാഗത യോഗ്യമാണോയെന്ന് വിലയിരുത്തുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ; | (എ) | മൺസൂൺ ആരംഭിക്കുന്നതിന് മുമ്പായി സംസ്ഥാനത്തെ എല്ലാ റോഡുകളും ഗതാഗത യോഗ്യമാണോയെന്ന് വിലയിരുത്തുന്നതിന് വകുപ്പ് തലത്തിൽ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>റണ്ണിംഗ് കോൺട്രാക്റ്റ് നിലവിലുള്ള റോഡുകളിലെ അറ്റകുറ്റപ്പണികൾ മൺസൂൺ ആരംഭിക്കുന്നതിന് മുമ്പായി പൂർത്തീകരിച്ച് മികച്ച രീതിയിൽ പരിപാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി നിലവിൽ IAS ഉദ്യോഗസ്ഥരും ചീഫ് എഞ്ചിനീയർമാരുമടങ്ങുന്ന പ്രത്യേക പരിശോധനാ സംഘത്തെ ജില്ലാടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിശോധന റിപ്പോർട്ട് യഥാസമയം വിലയിരുത്തുന്നുണ്ട്. നിലവിൽ 10.05.2024 മുതൽ 20.05.2024 വരെയുള്ള ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. |
| (ബി) | റണ്ണിംഗ് കോൺട്രാക്ട് നിലവിലുള്ള റോഡുകളിലെ അറ്റകുറ്റപ്പണികൾ മൺസൂൺ ആരംഭിക്കുന്നതിന് മുമ്പായി പൂർത്തീകരിച്ച് മികച്ച രീതിയിൽ പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രത്യേക പരിശോധനാ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മൺസൂൺ ആരംഭിക്കുന്നതിന് മുമ്പായി സംസ്ഥാനത്തെ എല്ലാ റോഡുകളും ഗതാഗത യോഗ്യമാണോയെന്ന് വിലയിരുത്തുന്നതിന് വകുപ്പ് തലത്തിൽ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>റണ്ണിംഗ് കോൺട്രാക്റ്റ് നിലവിലുള്ള റോഡുകളിലെ അറ്റകുറ്റപ്പണികൾ മൺസൂൺ ആരംഭിക്കുന്നതിന് മുമ്പായി പൂർത്തീകരിച്ച് മികച്ച രീതിയിൽ പരിപാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി നിലവിൽ IAS ഉദ്യോഗസ്ഥരും ചീഫ് എഞ്ചിനീയർമാരുമടങ്ങുന്ന പ്രത്യേക പരിശോധനാ സംഘത്തെ ജില്ലാടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിശോധന റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | യഥാസമയം വിലയിരുത്തുന്നുണ്ട്. നിലവിൽ 10.05.2024 മുതൽ 20.05.2024 വരെയുള്ള ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. |
| (സി) | വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള ഏജൻസികളുടെ പ്രവൃത്തികളുടെ ഫലമായി കേടുപാടുകൾ സംഭവിച്ച റോഡുകൾ മഴയ്ക്ക് മുമ്പ് ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | വിവിധ ഏജൻസികളുടെ യൂട്ടിലിറ്റി പ്രവർത്തികൾക്കായി വിട്ടു കൊടുക്കുന്ന റോഡുകളിൽ പ്രവർത്തി പൂർത്തീകരിച്ച് കൃത്യമായി restoration നടത്തി പൊതുമരാമത്ത് വകുപ്പിന് ലഭിക്കുമ്പോഴാണ് ഇടപെടാൻ കഴിയുക. സമയബന്ധിതമായി ഇങ്ങനെ കൈമാറിക്കിട്ടിയ റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. അല്ലാത്തിടങ്ങളിൽ ബന്ധപ്പെട്ട ഏജൻസികൾക്ക് അറ്റകുറ്റപ്പണി നടത്താനുള്ള നിർദ്ദേശം രേഖാമൂലം നൽകിയിട്ടുണ്ട്. എന്നിട്ടും റോഡുകളിൽ അറ്റകുറ്റപ്പണി ചെയ്യുന്നില്ലെങ്കിൽ ജില്ലാ കളക്ടർ തലത്തിലും സെക്രട്ടറി തലത്തിലും ആവശ്യമായ യോഗങ്ങൾ ചേർന്ന് അവ പരിഹരിക്കാൻ ശ്രമിച്ചു വരുന്നു. |
| (ഡി) | റണ്ണിംഗ് കോൺട്രാക്റ്റ് ഇല്ലാത്ത റോഡുകളിലെ അറ്റകുറ്റപ്പണികൾ നടത്താൻ നിലവിലെ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ഡി) | റണ്ണിംഗ് കോൺട്രാക്റ്റ് ഇല്ലാത്ത റോഡുകളിലെ അറ്റകുറ്റപ്പണികൾ നിലവിൽ പ്രീമൺസൂൺ വർക്കുകളിൽ ഉൾപ്പെടുത്തി ചെയ്ത് വരുന്നുണ്ട്. ഡി.എൽ.പി നിലവിലുള്ള റോഡുകളിൽ നിലവിലുള്ള കരാറുകാർ തന്നെ അറ്റകുറ്റപ്പണികൾ ചെയ്യാൻ ബാധ്യസ്ഥരാണ്. |
| (ഇ) | ഓടകളും ജലനിർഗമന പാതകളും ശരിയായ രീതിയിൽ പരിപാലിക്കപ്പെടാത്തതിനാൽ ഉണ്ടാകുന്ന വെള്ളക്കെട്ടും റോഡ് തകർച്ചയും മൂലമുണ്ടാകുന്ന ഗതാഗത തടസ്സം ഒഴിവാക്കാൻ മൺസൂൺ ആരംഭിക്കുന്നതിന് മുമ്പ് ഇവയിലെ മാലിന്യങ്ങൾ നീക്കംചെയ്ത് പരിപാലിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ? | (ഇ) | പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ മഴവെള്ളത്തിന്റെ സുഗമമായ നിർഗമനത്തിനാവശ്യമായ ഓടകളും കലുങ്കുകളും റോഡിന്റെ നിരപ്പിനനുസരിച്ചാണ് നിർമ്മിക്കുന്നത്. പ്രീ മൺസൂൺ വർക്കിൽ ഉൾപ്പെടുത്തിയോ റണ്ണിംഗ് കോൺട്രാക്റ്റ് വർക്കിൽ ഉൾപ്പെടുത്തിയോ, നിലവിലുള്ള കരാറുകാരനെകൊണ്ട് തന്നെയോ ഓടകളിലേയും കലുങ്കുകളിലേയും മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ